**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4405** **10-08-2021 - ൽ മറുപടിയ്ക്ക്**

**ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽ ദാന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 1995 ൽ പ്രഖ്യാപിച്ചതും സംസ്ഥാനത്തെ കൃഷി ഭവനുകളിലൂടെ നടപ്പാക്കാൻ തീരുമാനിച്ചതുമായ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയുടെ പുരോഗതിയും ഇപ്പോഴത്തെ അവസ്ഥയും വ്യക്തമാക്കാമോ; | (എ) | കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ മേഖലകളിൽ വിവിധ പരിപാടികൾ ഒറ്റയ്ക്കോ, കൂട്ടായോ തെരഞ്ഞെടുത്ത് യുവജനങ്ങളെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കുന്നതിനായി സ്വയം തൊഴിൽ കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ 30.03.1994-ലെ സർക്കാർ ഉത്തരവ് (എം.എസ്) 122/94 പ്രകാരം, ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി 1994-ൽ ആരംഭിച്ചു. ജനറൽ വിഭാഗത്തിൽ ഉൾപ്പെട്ട 20 മുതൽ 35 വയസ്സ് വരെയുള്ള യുവജനങ്ങൾക്ക് 100/- രൂപ രജിസ്ട്രേഷൻ ഫീസും, 1000/- രൂപ പദ്ധതി വിഹിതവുമായി അകെ 1,100/- രൂപയും, 20 മുതൽ 40 വയസ്സ് വരെയുള്ള SC /ST വിഭാഗത്തിൽ ഉള്ള യുവജനങ്ങൾക്ക് 100/- രൂപ രജിസ്ട്രേഷൻ ഫീസ് മാത്രം അടച്ചും അംഗത്വം നേടാനാണ് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിരുന്നത്. പദ്ധതിയിൽ 97849 യുവജനങ്ങൾ അംഗത്വമെടുത്തിരുന്നു. ടി അംഗങ്ങളിൽ നിന്നും ലഭിച്ച തുകയും സർക്കാർ വിഹിതവും ചേർത്ത് സോഷ്യൽ സെക്യൂരിറ്റി ഫണ്ട് രൂപീകരിക്കുകയും അതിൽ നിന്നും പദ്ധതി പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ആനുകൂല്യങ്ങൾ നൽകിവരുന്നു. കാർഷിക മേഖലയിൽ തുടരുന്ന അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ടി പദ്ധതിയിൻ കീഴിൽ 84536 അംഗങ്ങളാണ് നിലവിലുള്ളത് |
| (ബി) | ആയിരത്തിഒരുനൂറ് രൂപയടച്ച് അംഗങ്ങളാകുന്നവർക്ക് അറുപത് വയസ്സാകുമ്പോൾ അറുപതിനായിരം രൂപയും പ്രതിമാസം ആയിരം രൂപ പെൻഷനും എന്ന വാഗ്ദാനം സ്വീകരിച്ച് പദ്ധതിയിൽ ചേർന്നവർ, 2020ൽ അപേക്ഷ നൽകിയെങ്കിലും പെൻഷൻ കിട്ടിയില്ല എന്ന ആക്ഷേപത്തിന് പരിഹാരം കണ്ടെത്തുമോ; | (ബി) | പദ്ധതി മാനദണ്ഡമനുസരിച്ച് അംഗത്തിന് 60 വയസ്സ് ആകുമ്പോൾ പ്രതിമാസം 1,000/- രൂപ നിരക്കിൽ പെൻഷൻ തുകയും 30,000/-രൂപ മുതൽ 60,000/-രൂപ വരെ ഗ്രാറ്റുവിറ്റിയും നൽകാനാണ് വിഭാവനം ചെയ്തിരുന്നത്. പ്രായപരിധിയിൽ വ്യത്യാസം വരുന്നത് അനുസരിച്ച് ഗ്രാറ്റുവിറ്റി തുകയിൽ വ്യത്യാസം വരുന്നതാണ്. പ്രായവ്യത്യാസമനുസരിച്ചുള്ള ഗ്രാറ്റുവിറ്റിയുടെ നിരക്ക് |

| | | | |
|---|---|---|---|
| | | | 20 വയസ്സിനും 21 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 60,000/- രൂപ<br>21 വയസ്സിനും 22 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 55,000/- രൂപ<br>22 വയസ്സിനും 23 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 50,000/- രൂപ<br>23 വയസ്സിനും 24 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 45,000/- രൂപ<br>24 വയസ്സിനും 25 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 40,000/- രൂപ<br>25 വയസ്സിനും 26 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 35,000/- രൂപ<br>26 വയസ്സിനും 40 വയസ്സിനുമിടയിൽ പദ്ധതിയിൽ ചേർന്നവർക്ക് ലഭിക്കുന്ന ഗ്രാറ്റുവിറ്റി - 30,000/- രൂപ<br>2020-ൽ പദ്ധതി മാനദണ്ഡപ്രകാരം അപാകതകൾ ഇല്ലാതെ ലഭിച്ച പെൻഷൻ / ഗ്രാറ്റുവിറ്റി ക്ലെയിമുകൾക്ക് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ കൊടുക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി മാനദണ്ഡമനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യങ്ങൾ നൽകുന്നതിന് തടസ്സമില്ല. ഈ പദ്ധതിയനുസരിച്ച് അംഗങ്ങളായവർക്ക് പെൻഷൻ, ഗ്രാറ്റുവിറ്റി ആനുകൂല്യത്തിനുള്ള ക്ലെയിമുകൾ പഞ്ചായത്ത്തല, ജില്ലാതല കമ്മിറ്റികൾ അംഗീകരിച്ച് സമർപ്പിക്കുമ്പോൾ ആനുകൂല്യങ്ങൾ അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

| | | |
|---|---|---|
| 1 | മരണാനന്തര ആനുകൂല്യം | 25,000/- രൂപ നിരക്കിൽ (നാളിതുവരെ 2651 അംഗങ്ങൾക്ക് നല്കിയിട്ടുണ്ട്) |
| 2 | സ്വയം പിരിഞ്ഞു പോയവർക്കുള്ള ആനുകൂല്യം<br>(1994 മുതൽ 2005 വരെ 1000/-രൂപ നൽകിയിരുന്നത് 2005 ലെ ജി ഒ (എം .എസ്) 123/05/കൃഷി നമ്പർ കത്ത് പ്രകാരം 5000/- രൂപയായി വർദ്ധിപ്പിച്ചു. 2013 മുതൽ സർക്കാർ ഉത്തരവ് (എം.എസ്)159/13 കൃഷി പ്രകാരം 7,500/- രൂപയായി വർദ്ധിപ്പിച്ചു.) | 1000/- രൂപ നിരക്കിൽ 317 അംഗങ്ങൾക്കു,<br>5000/- രൂപ നിരക്കിൽ 9727 അംഗങ്ങൾക്കു, 7500/- രൂപ നിരക്കിൽ 600 അംഗങ്ങൾക്കും നാളിതുവരെ നൽകിയിട്ടുണ്ട്. |
| 3 | അവശതാ ആനുകൂല്യം | 25,000/- രൂപ നിരക്കിൽ നാളിതുവരെ 48 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട് |
| 4 | പെൻഷൻ /ഗ്രാറ്റുവിറ്റി | 30,000/-രൂപ ഗ്രാറ്റുവിറ്റി തുകയായും ,1,000/- രൂപ പ്രതിമാസ പെൻഷനായി 892 അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. |